"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ശ്രീമതി. മുഹസീന പി.ഒ, ആർ.ആർ.എം.യു.പി സ്കൂൾ, പുന്നയൂർക്കുളം , തൃശ്ശൂർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.5712/2022/GEDN തീയതി,തിരുവനന്തപുരം, 30-09-2022

പരാമർശം:-

1. ശ്രീമതി. മുഹസീന പി.ഒ, ആർ.ആർ.എം.യു.പി സ്കൂൾ, പുന്നയൂർക്കുളം സമർപ്പിച്ച റിവിഷൻ ഹർജി.
2. ചാവക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/08/2022 തീയതിയിലെ സി/2058/22-ാം നമ്പർ കത്ത്.
3. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/08/2022 തീയതിയിലെ DEOCKD/11395/2022/B1 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ആർ.ആർ.എം.യു.പി സ്കൂളിലെ അറബിക് അദ്ധ്യാപികയായ ശ്രീമതി. മുഹസീന പി.ഒ പരാമർശം 1 പ്രകാരം ഒരു റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജി തീർപ്പാക്കുന്നതിൻറെ ഭാഗമായി ബന്ധപ്പെട്ടവരുടെ വാദം 25.7.2022ന് നേരിൽ കേട്ടു. ആർ.ആർ.എം.യു.പി.എസ് പുന്നയൂർക്കുളത്തിലെ ജൂനിയർ അറബിക അദ്ധ്യാപകനായ ശ്രി.കബീർ.കെ.എ 03.06.2009 മുതൽ 03.06.2014 വരെ ശൂന്യവേതനാവധി എടുത്തപ്പോഴുണ്ടായ ഒഴിവിൽ 03.06.2009 മുതൽ ജൂനിയർ അറബിക് അദ്ധ്യാപികയായി നിയമിതയായ ശ്രീമതി. മുഹസീന പി.ഒ യുടെ 09/11/2010 വരെയുള്ള സേവനം അംഗീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർ നടത്തിയ പരിശോധനകളെ തുടർന്ന് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ കൊടുക്കുന്നു:-

എ) ആർ.ആർ.എം.യു.പി.എസ് പുന്നയൂർക്കുളത്തിലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. ഇമ്പിച്ചിക്കോയ 31.03.2000 ന് വിരമിച്ചപ്പോഴുണ്ടായ ഒഴിവിൽ 24.07.2000 മുതൽ

ശ്രീ.കബീർ.കെ.എ യെ 24.07.2000 മുതൽ ജൂനിയർ അറബിക് അദ്ധ്യാപകനായുള്ള നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്. (ഉത്തരവ് നമ്പർ സി/3554/2000കെ.ഡിസ് തിയ്യതി 03/2001) 2000-01 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 1 അറബിക് തസ്തിക (യു.പി) അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി സ്കൂളിലെ പ്രധാനദ്ധ്യാപികയിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത കാലഘട്ടത്തിൽ ശ്രീ. കബീർ കെ. എ. യുടെ ജൂനിയർ അറബിക് തസ്തികയിലെ നിയമനാംഗീകാരത്തിന് ശ്രീമതി. ഫാത്തിമ ഒ. യെ തിരികെ വിളിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു വിധത്തിലുള്ള നടപടി ക്രമങ്ങൾ നടന്നതായോ ആയത് ശ്രീ. കബീർ കെ. എ. യുടെ നിയമനത്തിന് തടസ്സമുള്ളതായോ കാണാൻ കഴിഞ്ഞിട്ടില്ല.

ബി) ശ്രീമതി. ഫാത്തിമ ഒ. യുടെ സേവനപുസ്തകം ലഭ്യമാക്കി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാരി ഏഴാം ക്ലാസ് + അഫ്സൽ ഉലുമ എൻടൻസ് പരീക്ഷയും പാസ്സായിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിദ്യാഭ്യാസ യോഗ്യത ജൂനിയർ അറബിക് യു. പി. വിഭാഗത്തിലെ അദ്ധ്യാപകർക്ക് പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യത്തിലായിരിക്കാം ശ്രീ. കബീർ കെ. എ. യെ 24/07/2000 മുതൽ ജൂനിയർ അറബിക് അദ്ധ്യാപകനായി ഉത്തരവ് നമ്പർ സി/3554/2000കെ.ഡിസ് തിയ്യതി 03/2001 പ്രകാരം അംഗീകരിച്ച് നൽകിയത്. ടിയാൻ എസ്.എസ്.എൽ.സി. + അഫ്സൽ ഉലുമ പ്രിലിമിനറി + അഫ്സൽ ഉലുമ ഫൈനൽ എന്നീ വിദ്യാഭ്യാസ യോഗ്യതകൾ നേടിയതായി ടിയാന്റെ സേവനപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ജൂനിയർ അറബിക് എൽ.പി. വിഭാഗത്തിൽ മാത്രം പഠിപ്പിക്കുന്നതിന് യോഗ്യതയുള്ള സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി. ഫാത്തിമ ഒ. യെ തിരിച്ച് വിളിക്കുന്നതിനുള്ള സാഹചര്യം തൽസമയം ഉണ്ടായിരുന്നില്ലായെന്ന് മനസ്സിലാക്കുന്നു.

സി) ശ്രീമതി. മുഹ്സിന .പി.ഒ യുടെ നിയമന അംഗീകാര ഫയൽ പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

i) ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ.കബീർ.കെ.എ 03.06.2009 മുതൽ 03.06.2014 വരെ ശൂന്യവേതനാവധി എടുത്തപ്പോഴുണ്ടായ ഒഴിവിൽ ജൂനിയർ അറബിക് അദ്ധ്യാപികയായി ശ്രീമതി. മുഹസീന,പി.ഒ യെ 03.06.2009 മുതൽ 03.06.2014 വരെ മാനേജർ ശമ്പളതോതിൽ നിയമിച്ച് അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി ഫാത്തിമ. ഒ ജി.എൽ.പി.എസ് ഇരിങ്ങപ്പുറത്ത് നിൽക്കുന്ന കാരണത്താൽ പ്രസ്തുത

നിയമനം ഉത്തരവ് നമ്പർ സി/2011/2009 കെ.ഡിസ് തിയ്യതി 21.01.2010 പ്രകാരം നിരസിച്ചു നൽകി. തുടർന്ന് മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ആയത് ഉത്തരവ് നമ്പർ ബി1/1248/2010 കെ.ഡിസ് തിയ്യതി 01.06.2010 പ്രകാരം നിരസിക്കുകയാണുണ്ടായത്. പിന്നീട് മാനേജർ ടിയാരിയെ 01.06.2010 മുതൽക്ക് ഇതേ ഒഴിവിൽ തന്നെ നിയമിക്കുകയും മറ്റൊരു നിയമന അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുതനിയമനം ജി.എൽ.പി.എസ് ഇരിങ്ങപ്പുറത്ത് നിൽക്കുന്ന സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി ഫാത്തിമ.ഒ യെ തിരികെ വിളിക്കണമെന്നും, ആദ്യ നിയമനം നിരസിച്ചതിന്മേൽ മാനേജർ കൊടുത്ത അപ്പീലിൽ ഉത്തരവാകാത്തതിനാലും നിരസിച്ചു നൽകി.

ii) 03.06.2009 മുതൽ 03.06.2014 വരെയുള്ള നിയമനം അംഗീകരിച്ചു ലഭിക്കുന്നതിനായി മാനേജർ 21.08.2010 ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് പുറപ്പെടുവിച്ച എഫ്2/77212/2010/കെഡിസ് തിയ്യതി 20.10.2011 ലെ ഉത്തരവിലും ജി.എൽ.പി.എസ് ഇരിങ്ങപ്പുറത്ത് നിൽക്കുന്ന സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി ഫാത്തിമ.ഒ യെ മാതൃസ്കൂളിലേക്ക് തിരികെ വിളിക്കുന്നതിനുള്ള നടപടികൾ ഡി.ഡി.ഇ യുമായി ആലോചിച്ച് സ്വീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി അപ്പീൽ നിരസിച്ചെങ്കിലും ആയതിനുള്ള നടപടികൾ മാനേജർ സ്വീകരിച്ചിരുന്നില്ല.

iii) 2009-10 വർഷത്തിൽ ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണം.

	I	II	III	IV	V	VI	VII	ആകെ
കുട്ടികൾ	6	13	15	28	15	9	8	94
പീരീഡ്	4	4	4	4	4	4	4	28

2009-10 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ പ്രകാരം ആകെ 94 കുട്ടികൾ അറബിക് വിഭാഗത്തിൽ ഉള്ളതിനാൽ 28 പിരീഡുകൾക്ക് അർഹതയുള്ളതായും ആയതുപ്രകാരം യു.പി. വിഭാഗത്തിൽ ഒരു ജൂനിയർ അറബിക് തസ്തിക അനുവദിക്കുകയും, ശ്രീമതി. ഫാത്തിമ ഒ. യെ ജി.എൽ.പി.എസ്. ഇരിങ്ങപ്പുറത്ത് തന്നെ തുടരാനും നിർദ്ദേശിച്ചിരിക്കുന്നു. പുനർ വിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി. ഫാത്തിമ ഒ. യുടെ അറബിക് യു.പി. വിഭാഗത്തിലേക്കുള്ള യോഗ്യത സംബന്ധിച്ച് വേണ്ട പരിശോധനകൾ നടത്തിയതായി ശ്രീമതി. മുഹസിനയുടെ

നിയമനം നിരസിച്ച ഫയലിൽ കാണുന്നില്ല. 2009-10 വർഷത്തിലെ തസ്തിക നിർണ്ണയവുമായ ബന്ധപ്പെട്ട ഫയൽ പരിശോധിക്കുമ്പോൾ പ്രസ്തുത വിദ്യാലയത്തിലെ സ്റ്റാഫ് ലിസ്റ്റിൽ ടിയാരിയുടെ പേർ ഉൾചേർത്തിട്ടില്ലാത്തതും സംരക്ഷിതാദ്ധ്യാപകരുടെ ലീസ്റ്റിൽ ഫാത്തിമ ഒ. അറബിക് ടീച്ചർ, ജി.എൽ.പി.എസ്. ഇരിങ്ങപ്പുറം എന്ന വിദ്യാലയത്തിൽ 07/11/1997 മുതൽ സേവനമനുഷ്ഠിക്കുന്നതായി പരാമർശിക്കുന്നു. ജൂനിയർ അറബിക് യു. പി. വിഭാഗത്തിലുള്ള അദ്ധ്യാപകന്റെ യോഗ്യത ടിയാരിയുടെ സേവനപുസ്തകം പരിശോധിക്കുമ്പോൾ ഉള്ളതായി കാണുന്നില്ല. ആയതുകൊണ്ട് തന്നെ പുനർവിന്യസിക്കപ്പെട്ട എൽ.പി. വിഭാഗത്തിൽ മാത്രം അദ്ധ്യാപികയാകുന്നതിന് അർഹത നേടിയിട്ടുള്ള ടിയാരിയെ 24/07/2000 മുതൽ സംജാതമായിരുന്ന യു. പി. വിഭാഗത്തിലെ ജൂനിയർ അറബിക് തസ്തികയിലേക്കോ തുടർന്നുവന്ന ശ്രീ. കബീർ കെ. എ. ശൂന്യവേതനാവധി എടുത്തപ്പോഴുണ്ടായ 03/06/2009 മുതൽ 03/06/2014 വരെയുള്ള ഒഴിവിലേക്കോ തിരിച്ച് വിളിക്കുന്നതിനുള്ള യോഗ്യതയുള്ളതായി ടിയാരിയുടെ സേവനപുസ്തക പ്രകാരം കാണുന്നില്ല. പ്രസ്തുത കാലഘട്ടത്തിൽ ടി നിയമനം നിരസിച്ചതിലോ അപ്പലേറ്റ് ഉത്തരവുകളിലോ ശ്രീമതി. ഫാത്തിമ ഒ. യുടെ യോഗ്യത സംബന്ധിച്ച പരാമർശിച്ചിരുന്നില്ല. ഒരിക്കൽ നിരസിച്ച നിയമനം പുന:പരിശോധിച്ച് അംഗീകരിക്കുന്നതിന് അപ്പലേറ്റ് ഉത്തരവ് ലഭ്യമാകാതിരുന്നതിനാലാണ് ശ്രീമതി. മുഹസിനയുടെ നിയമന വിഷയത്തിൽ അന്തിമ തിരുമാനം കൈക്കൊള്ളുവാൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നത്. ശ്രീമതി. മുഹസീന 03/06/2009 മുതൽ 09/11/2010 വരെ മാത്രമെ ടി സ്കൂളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളൂ എന്ന വിവരവും, ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന ശ്രീ. കെ. എ. കബീർ 03/01/2011 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് എന്നതും പ്രധാനദ്ധ്യാപിക അറിയിച്ചിട്ടുള്ളതാണ്. ടി സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുന്നു.

2) മേല്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കുമ്പോൾ ഹർജിക്കാരി 03/06/2009 മുതൽ 09/11/2010 വരെ ടി സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്നു എന്ന് വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാണ്. പ്രസ്തുത കാലയളവിൽ ഹർജിക്കാരിയെ നിയമിച്ച ഒഴിവിലേയ്ക്ക് ശ്രീമതി. ഫാത്തിമ ഒ.യെ തിരിച്ച് വിളിക്കുന്നതിനുള്ള യോഗ്യതയുള്ളതായി ടിയാരിയുടെ സേവനപുസ്തക പ്രകാരം കാണുന്നില്ല എന്ന വസ്തുതയും വ്യക്തമാണ്. ഹർജിക്കാരിയുടെ 03/06/2009 മുതൽ 09/11/2010 വരെയുള്ള സേവനം സംരക്ഷിതാദ്ധ്യാപികയായിരുന്ന ശ്രീമതി. ഫാത്തിമ ഒ.യെ തിരിച്ച് വിളിക്കേണ്ടതായ

ഒഴിവിലേയ്ക്കായിരുന്നു എന്ന കാരണം മുൻ നിർത്തിയാണ് ഉപജില്ലാവിദ്യാഭ്യാസ ഓഫീസറും ജില്ലാവിദ്യാഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും അംഗീകരിക്കാതിരുന്നത്. ഹർജിക്കാരിയെ നിയമിച്ച ഒഴിവിലേയ്ക്ക് അവശ്യം വേണ്ടതായ യോഗ്യതയില്ലാത്ത ഒരു ടീച്ചറിനെ പ്രസ്തുത ഒഴിവിലേയ്ക്ക് നിയമിക്കുന്നത് ചട്ടവിരുദ്ധമാകുമെന്നിരിക്കെ, അപ്രകാരമൊരു തടസ്സവാദം ചൂണ്ടിക്കാട്ടി ഹർജിക്കാരി ജോലിയെടുത്തതായി റിപ്പോർട്ടുള്ള 03/06/2009 മുതൽ 09/11/2010 വരെ നിയമനം അംഗീകരിക്കാതിരിക്കുന്നതിന് അടിസ്ഥാനമില്ല.

3) മേൽ വിവരിച്ച സാഹചര്യങ്ങളിൽ 03/06/2009 മുതൽ നിയമനം നേടിയശേഷം 09/11/2010 വരെ ഹർജിക്കാരി ജോലിയെടുത്തിരുന്നതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണെന്ന വ്യവസ്ഥയിലും, പ്രസ്തുത കാലയളവിലെ സേവനം അംഗീകരിക്കാതിരിക്കുന്നതിന് ഒരേയൊരു കാരണം പ്രസ്തുത ഒഴിവിലേയ്ക്ക് സംരക്ഷിതാദ്ധ്യാപികയായിരുന്ന ശ്രീമതി. ഫാത്തിമ ഒ.യെ തിരിച്ച് വിളിക്കേണ്ടതായിരുന്നു എന്നതു മാത്രമാണെങ്കിലും, പ്രസ്തുത തടസ്സവാദം നീക്കിക്കൊണ്ട്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 03/06/2009 മുതൽ 09/11/2010 വരെ ഹർജിക്കാരിയുടെ സേവനകാലം അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ചാവക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകികൊണ്ട് ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച റിവിഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്

ജില്ലാവിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്

ശ്രീമതി. മുഹസീന.പി.ഒ., തെറുവത്ത് ഹൗസ്, ഞമനേങ്ങാട്.പി.ഒ., തൃശ്ശൂർ- 679553

മാനേജർ, PRM LP സ്കൂൾ, പുന്നയൂർക്കുളം.

സ.ഉ.(സാധാ) നം.5712/2022/GEDN

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 30-09-2022 17:04:32
സെക്ഷൻ ഓഫീസർ